ഉത്തരം

(എ) അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 4,391 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുകയും, കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കാഞ്ഞങ്ങാട് ട്രാഫിക് യൂണിറ്റ്

205 (1949) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് അനുവദിച്ച ട്രാഫിക് യൂണിറ്റിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിച്ച് യൂണിറ്റിന് ആവശ്യമായ നിയമനങ്ങൾ നടത്തുമോ;

(സി) യൂണിറ്റിന് പുതിയ വാഹനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ഒരു പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി & സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ

206 (1950) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി പോലീസ് സബ്ഇൻസ്പെക്ടർ ഓഫീസിന്റെ പ്രവർത്തന പരിധി എത്ര കിലോമീറ്റർ ചുറ്റളവിലാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊന്നാനിയിൽ നിന്ന് മാണൂർ, അണ്ണക്കമ്പാട് എന്നീ വിദൂര പ്രദേശങ്ങളിലേയ്ക്ക് എത്തിപ്പെടുന്നതിന്റെ പ്രയാസങ്ങളും, സമയ ദൈർഘ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഇവിടെയുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പൊന്നാനി സ്റ്റേഷന്റെയും, ചങ്ങരംകുളം സ്റ്റേഷന്റെയും ഭാഗങ്ങൾ ചേർത്ത് എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി എടുക്കുമോ;

(ഡി) പൊന്നാനി സ്റ്റേഷന് മതിയായ വാഹന സൗകര്യം ഇല്ലാത്തതുമൂലം ക്രമസമാധാന പാലനം നടത്തുന്നതിന് പ്രയാസപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പൊന്നാനി പോലീസ് സ്റ്റേഷന് പുതിയ വാഹനം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകദേശം 50 കിലോമീറ്റർ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നിലവിലുള്ള പഴയ വാഹനത്തിന് പകരം പുതിയ വാഹനം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത രാഷ്ട്രീയപരമായ കേസുകൾ

207 (1951) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയപരമായ കേസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പിൻവലിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly